പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 253

30.11.2015-ൽ മറുപടിക്ക്.

## കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിനായി നിലവിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; തുക അനുവദിച്ച് ഉത്തരവായത് എന്നാണ്; | (എ) 2011-12 ലെ MoPF സ്കീമിൽപ്പെടുത്തി 150 ലക്ഷം രൂപ കൊല്ലം റൂറൽ പോലീസ് ഓഫീസ് നിർമ്മാണത്തിനായി 18.03.2012-ൽ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടനിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമല്ലാതിരുന്നതിനാൽ, പോലീസ് വകുപ്പിന് വേണ്ടിയുള്ള മറ്റ് അടിയന്തിര നിർമ്മാണ ആവശ്യങ്ങൾക്കായി ഈ തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. |
| (ബി) പ്രസ്തുത ആസ്ഥാന നിർമ്മാണത്തിനാവശ്യമായ ഭൂമി ആഭ്യന്തര വകുപ്പിന് ലഭ്യമായി ഉത്തരവായത് എന്നാണ്; | (ബി) 15.09.2015 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 461/2015/റവന്യൂ പ്രകാരം കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ ബ്ലോക്ക് നമ്പർ 23-ൽ സർവ്വേ നമ്പർ 222/11, 222/16, 222/22, 222/23 എന്നിവയിൽപ്പെട്ട ജലസേചന വകുപ്പിന്റെ വക ഭൂമി കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിനായി പോലീസ് വകുപ്പിന് ലഭ്യമായിട്ടുണ്ട്. |
| (സി) റൂറൽ പോലീസ് ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാർ ചെയ്തോ; ആർക്കാണ് നിർമ്മാണ ചുമതല;<br><br>(ഡി) ആസ്ഥാന മന്ദിരം നിർമ്മിക്കാൻ ലഭ്യമായ സ്ഥലത്ത് എന്തെല്ലാം സംവിധാനങ്ങൾ സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്? | (സി)യും, (ഡി)യും കെ.പി.എച്ച്.സി.സിക്കാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്. ഇതിലേയ്ക്കായി പ്ലാനും എസ്റ്റിമേറ്റും ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ